# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2301** **18/06/2014-ൽ മറുപടിക്ക്**

## 108 ആംബുലൻസ് സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>" കെ. അച്ചുതൻ<br>" സണ്ണി ജോസഫ്<br>" ജോസഫ് വാഴക്കൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | 108 ആംബുലൻസ് സർവ്വീസ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി എത്ര ആംബുലൻസുകൾ വാങ്ങുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; | (എ) | '108' ആംബുലൻസുകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടുകൂടി 287 ബി.എൽ.എസ്. (Basic Life Support) ആംബുലൻസുകളും, ദേശീയ ആരോഗ്യ മിഷന്റെ ജനനി ശിശു സുരക്ഷാ കാര്യക്രം പദ്ധതി (JSSK) പ്രകാരം 283 പേഷ്യന്റ് ട്രാൻസ്പോർട്ട് ആംബുലൻസുകളും (PTA) വാങ്ങി കേരളമൊട്ടാകെ വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | ആംബുലൻസുകൾ വാങ്ങുന്നതിനുള്ള ചുമതല മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെയാണോ ഏൽപ്പിച്ചിട്ടുള്ളത് ; | (ബി) | ആംബുലൻസുകൾ ഉൾപ്പെടെ ഓപ്പറേറ്റിംഗ് ഏജൻസിയെ ടെണ്ടറിലൂടെ തെരഞ്ഞെടുക്കാനാണ് ഈ പദ്ധതിയുടെ മാനേജിംഗ് ആന്റ് ഇംപ്ലിമെന്റ് ഏജൻസിയായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (സി) | ഇത്തരത്തിൽ വാങ്ങുന്ന ആംബുലൻസുകൾ ആരുടെ പേർക്കാണ് രജിസ്റ്റർ ചെയ്യുന്നത് ; | (സി) | '108' ആംബുലൻസുകൾ ആരോഗ്യവകുപ്പു ഡയറക്ടറുടെ പേരിലാണ് രജിസ്റ്റർ ചെയ്യുന്നത്. |
| (ഡി) | 108 ആംബുലൻസ് സർവ്വീസിലെ ജീവനക്കാരുടെ പുതുക്കിയ സേവന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (ഡി) | '108' ആംബുലൻസുകളുടെ പ്രവർത്തനച്ചുമതല തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസിയ്ക്കാണ്. ഇതിലെ ജീവനക്കാരെ നിയമിക്കുന്നതും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതും പ്രസ്തുത ഏജൻസിയാണ്. ടെൻഡർ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമം അനുസരിച്ചു മാത്രമേ പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ